**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2599** **04-03-2025 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത വ്യവസായ പുനരുജ്ജീവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത വ്യവസായ പുനരുജ്ജീവന പദ്ധതി പ്രകാരം കയർസംഘങ്ങളുടെ വികസനത്തിന് സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നുവെന്ന് വിശദമാക്കാമോ? | (എ) | കേരളത്തിലെ പ്രവർത്തനക്ഷമമായ 532-ഓളം കയർ സംഘങ്ങളിൽ നിന്നും 50 സംഘങ്ങളെ അടുത്ത രണ്ട് വർഷത്തിനുള്ളിൽ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകി ലാഭകരമായി മാറ്റുന്നതിനും, മറ്റ് സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകി കൂടുതൽ തൊഴിലും, തൊഴിൽദിനങ്ങളും സൃഷ്ടിക്കുന്നതിനുമായി, കയർ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവന പദ്ധതി എന്ന പേരിൽ, നടപ്പ സാമ്പത്തിക വർഷം സ.ഉ.(സാധാ) നം. 700/2024/ID, തീയതി 06.08.2024 പ്രകാരം ഏഴ് കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഇതുപ്രകാരം നാല് കാറ്റഗറികളിലായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. കാറ്റഗറി എ (ഫോക്കസ് 50) യിൽ 50 സംഘങ്ങൾക്ക് 5 ലക്ഷം രൂപ വീതവും, കാറ്റഗറി (ബി) യിൽ 50 സംഘങ്ങൾക്ക് 2 ലക്ഷം രൂപ വീതവും, കാറ്റഗറി (സി) യിൽ 300 സംഘങ്ങൾക്ക് 1 ലക്ഷം രൂപ വീതവും, കാറ്റഗറി ഡി യിൽ 25 സംഘങ്ങൾക്ക് 2 ലക്ഷം രൂപ വീതവും, ആകെ 7 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആദ്യ ഘട്ടമായി 3.6 കോടി രൂപ ഈ പദ്ധതി പ്രകാരം ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ 2851-00-106-26(P) എന്ന ശീർഷകത്തിൽ 3.5 കോടി രൂപ കയർ സംഘങ്ങളിലെ ജീവനക്കാർക്ക് മാനേജീരിയൽ സബ്സിഡി, കയർ സംഘങ്ങളുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, പ്രവർത്തന മൂലധനം എന്നിവയ്ക്കായി വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ 1.83 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>കൂടാതെ കയർ സംഘങ്ങളുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിനും വൈദ്യുതി സബ്സിഡി നൽകുന്നതിനും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ